


# എൻ എസ് എച്ച് എസ് എസ് നെടുമുടി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

# എൻ എസ് എച്ച് എസ് എസ് നെടുമുടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

## ഉള്ളടക്കം


ആമുഖം............................................................6

ചരിത്രം............................................................7

നിലവിലുള്ള അവസ്ഥ............................................................8

കുട്ടികളുടെ എണ്ണം............................................................8

കണ്ടെത്തലുകൾ............................................................8

അധ്യാപകർ നിലവിലെ അവസ്ഥ............................................................9

വിദ്യാലയം പൊതു വിശകലനം............................................................9

കുറവുകൾ............................................................9

മേന്മകൾ പ്രതീക്ഷിത നേട്ടങ്ങൾ............................................................10

വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ............................................................11

വിദ്യാലയത്തിലെ ഭൗതികാന്തരീഷം - നിലവിലെ അവസ്ഥ............................................................12

ഐടി സൗകര്യങ്ങളുടെ അവസ്ഥ............................................................13

സാമൂഹിക പങ്കാളിത്തം............................................................13

അടിസ്ഥാന സൗകര്യങ്ങൾ............................................................13

കുട്ടികളുടെ പഠന നിലവാരം............................................................14

2025 ലെ ഗ്രേഡ് വിവരം............................................................14

വിശകലനം............................................................14

അനുബന്ധ പിന്തുണാ സംവിധാനങ്ങൾ............................................................14

എസ് ആർ ജി............................................................14

പി റ്റി എ............................................................15

എം പി റ്റി എ..........15
എസ് എസ് ജി..........15
നടപ്പ് വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ..........15
അക്കാദമികം..........15
പി റ്റി എ..........16
ഭൗതികം..........16
ദിനാചരണങ്ങൾ..........16
ആഘോഷങ്ങൾ..........16
കർമ്മപരിപാടി ആസൂത്രണം ചെയ്യൽ..........17
പൊതുലക്ഷ്യങ്ങൾ..........18
അക്കാദമിക് മാസ്റ്റർ പ്ലാൻ..........19
മലയാളം..........19
സംസ്കൃതം..........25
ഇംഗ്ലീഷ്..........28
ഹിന്ദി..........33
ഗണിതം..........36
സാമൂഹ്യശാസ്ത്രം..........41
സയൻസ്..........54
ഭൗതികശാസ്ത്രം..........59
രസതന്ത്രം..........63
ജീവശാസ്ത്രം..........66

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എൻ എസ് എച്ച്എസ്എസ് നെടുമുടി |
| പഞ്ചായത്ത് | : നെടുമുടി |
| ബി ആർ സി | : മങ്കൊമ്പ് |
| വിദ്യാഭ്യാസ ഓഫീസ് | : കുട്ടനാട് |
| വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ് | : ആലപ്പുഴ |
| ജില്ല | : ആലപ്പുഴ |
| താഴ്ന്ന ക്ലാസ്സ് | : അഞ്ച് |
| ഉയർന്ന ക്ലാസ്സ് | : പന്ത്രണ്ട് |
| ഫോൺ നമ്പർ | : 9447083279 |
| ഇമെയിൽ ഐഡി | : nshsnedumudy@gmail.com |

# ആമുഖം

ഉത്തമ ജീവിതം നയിക്കാൻ വ്യക്തികളെ പരിശീലിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ നായർ സമാജം ലക്ഷ്യമാകുന്നത്. വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് നന്മ ഉളവാക്കുന്ന ജീവിതത്തെ ഉത്തമ ജീവിതം എന്നു വിശേഷിപ്പിക്കാം. ഒരു വ്യക്തിയിലെ നന്മയെ അറിയുവാനും സ്നേഹിക്കുവാനും ഒരാളെ സഹായിക്കുവാനും ശക്തിപ്പെടുത്തുകയും ചെയ്യുന്നതായിരിക്കണം വിദ്യാഭ്യാസം. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ഇതിനെ നേരിടാൻ വിദ്യാഭ്യാസം ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ആയി മാറേണ്ടിയിരിക്കുന്നു.

ബാലിക ബാലന്മാരുടെയും കൗമാരക്കാരുടെയും സ്വഭാവ രൂപവൽക്കരണത്തിന്റെ മനപ്പട്ട ഒരു കാലഘട്ടമാണ് സ്കൂൾ വിദ്യാഭ്യാസ കാലം. കുട്ടികളുടെ വിദ്യാഭ്യാസം ശരിയായ അടിത്തറയിൽ രൂപപ്പെടുത്തുകയും സമൂഹത്തിൽ ഒരുമയോടെ ജീവിച്ചുകൊണ്ട് പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള അറിവിലും ആത്മവിശ്വാസത്തിലും ശരിയായ ദിശയിൽ വളരുകയും ചെയ്യേണ്ട കാലഘട്ടമാണിത്. അതിന് സ്കൂൾ വിദ്യാഭ്യാസം സഹായകരമാകണം. ശിക്ഷ കണങ്ങളെ മക്കളെപ്പോലെ സ്നേഹിക്കുവാനും അവരുടെ നന്മ ലക്ഷ്യം വെച്ച് സ്വന്തം ജീവിതം മാതൃകയും ബോധനവും വഴി ശരിയായ ശിക്ഷണം നൽകി പരിശീലിപ്പിക്കുവാനും അധ്യാപകർ തയ്യാറാകണം. മാതാപിതാക്കന്മാരെയും ഗുരുജനങ്ങളെയും ആദരിക്കുകയും അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർ ആയിരിക്കണം വിദ്യാർത്ഥികൾ. പലതരത്തിൽ പെട്ടവർ ഒരുമിച്ച് പഠിക്കുന്ന ക്ലാസ് മുറികൾ മതമൈത്രിയുടെയും മനുഷ്യസ്നേഹത്തിന്റെയും ഈറ്റില്ലങ്ങളാകണം. ഓരോ വിദ്യാലയവും ഈ ലക്ഷ്യങ്ങൾക്കായി പരിശ്രമിക്കട്ടെ.

# ചരിത്രം

നെടുമുടി കൊട്ടാരം ദേവസ്വത്തിന്റെ കീഴിലുള്ള സ്ഥാപനമാണ് നായർ സമാജം ഹയർ സെക്കൻഡറി സ്കൂൾ. 1916 ൽ തിരുവിതാംകൂർ ശ്രീമൂലം രാമവർമ്മ മഹാരാജാവിന്റെ അനുവാദത്തോടെ ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകൾ ഒന്നിച്ചു തുടങ്ങിയ കേരളത്തിലെ ആദ്യ സ്കൂളാണ് എൻ.എസ്. എച്ച്. എസ്.എസ്. നെടുമുടിയിലെ ആറ്റുവാത്തല, തോട്ടുവാത്തല, തെക്കേമുറി, പൊങ്ങ എന്നീ കരകളിലെ നായർ സമാജം പ്രവർത്തകരാണ് സ്കൂൾ തുടങ്ങിയത്. നെടുമുടി കൊട്ടാരം ശ്രീ ഭഗവതി ക്ഷേത്രാങ്കണത്തിൽ ക്ഷേത്ര ഉടമസ്ഥരായ മാത്തൂർ കുടുംബത്തിന്റെ അനുവാദത്തോടെ സ്കൂൾ ആരംഭിച്ചു. ഓലമേഞ്ഞ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയ സ്കൂൾ 1948 ൽ 1 മുതൽ 4 വരെ ക്ലാസുകളും 50 സെന്റ് സ്ഥലവും സൗജന്യമായി സർക്കാരിന് നൽകി. പിന്നെ യു.പി സ്കൂൾ മാത്രമായി തുടർന്നു. 1979 ൽ ഹൈസ്കൂളായും 1998 ൽ ഹയർസെക്കൻഡറിയായും ഉയർത്തപ്പെട്ടു.

കുട്ടനാട്ടിലെ മാത്രമല്ല ആലപ്പുഴ ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് ഇന്ന് ഈ വിദ്യാലയം. ജാതിമതഭേദമെന്യേ നാട്ടിലെ സാധാരണക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ സ്ഥാപനമാണ് ഈ സരസ്വതി ക്ഷേത്രം. സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അക്കാദമിയെ നിലവാരം വളരെ മെച്ചമായ രീതിയിൽ ഉയർത്തുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

പാഠ്യ വിഷയങ്ങൾക്ക് പുറമേ കലാകായികരംഗത്തും നേട്ടങ്ങൾ കൊയ്യാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. വിഭവസമൃദ്ധമായ ഉച്ചഭക്ഷണമാണ് കുട്ടികൾക്ക് നൽകുന്നത്. പഠന പ്രോത്സാഹനത്തിനായി വിവിധ തരം സ്കോളർഷിപ്പുകൾ ക്യാഷ് അവാർഡുകൾ എന്നിവ നൽകുന്നു. ഇപ്പോൾ ശ്രീ ഗോപകുമാർ ജി എച്ച് എം ആയി സേവനം ചെയ്യുന്ന ഈ വിദ്യാലയം 108 വർഷം പിന്നിടുകയാണ്.

# നിലവിലുള്ള അവസ്ഥ

കഴിഞ്ഞ ഏതാനും വർഷങ്ങളായി കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കൂളിൽ പല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതുപോലെ യാത്ര സൗകര്യങ്ങളും മെച്ചപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ മികച്ച വിദ്യാലയമായി മാറാൻ എൻ. എസ്. എച്ച്. എസ്. എസ് ന് കഴിഞ്ഞിട്ടുണ്ട്. 5 മുതൽ 10 വരെയുള്ള ക്ലാസിൽ നിലവിൽ എച്ച് എം ഉൾപ്പെടെ 22 അധ്യാപകർ ഉണ്ട്. യു.പി വിഭാഗത്തിൽ 234 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 325 കുട്ടികളും പഠിക്കുന്നു. അനധ്യാപകർ 4 പേരാണ് സ്കൂളിൽ സേവനം ചെയ്യുന്നത്

# കുട്ടികളുടെ എണ്ണം

| ക്ലാസ്സ് / വർഷം | 2021 – 22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| 5 | 79 | 59 | 66 | 72 |
| 6 | 78 | 82 | 77 | 79 |
| 7 | 73 | 83 | 93 | 83 |
| 8 | 100 | 93 | 109 | 114 |
| 9 | 100 | 98 | 98 | 111 |
| 10 | 106 | 99 | 100 | 100 |

# കണ്ടെത്തലുകൾ

പൊതുവിൽ കുട്ടികളുടെ എണ്ണത്തിൽ ക്രമമായി കുറവ് അനുഭവപ്പെടുന്നു സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സാന്നിധ്യം ഇല്ല ഇത് തുടർന്നു പോയാൽ പൊതു വിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ട അവസ്ഥയിലോട്ട് എത്തിച്ചേരും.

# അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അംഗീകരിച്ച അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനം | മൂന്നുവർഷത്തിൽ കൂടുതൽ സേവനം ഈ വിദ്യാലയത്തിൽ നൽകിയവർ |
|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 1 | 1 | - | 1 |
| യു.പി.എസ്.എ | 10 | 10 | 3 | 9 |
| എച്ച്. എസ്. എ. | 13 | 13 | - | 12 |
| ആകെ | 24 | 24 | 3 | 20 |

# വിദ്യാലയം പൊതു വിശകലനം

## കുറവുകൾ

പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ ഒട്ടും മനോഹരമല്ല. എയ്ഡഡ് മേഖലയെ സർക്കാർ തീർത്തും അവഗണിക്കുന്നു. ഗ്രാന്റുകളുടെ കുറവ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാണ്. മഴക്കാലമായാൽ സ്കൂൾ ഗ്രൗണ്ടും വഴിയും എല്ലാം വെള്ളത്തിലാകുന്നു. യാത്ര സൗകര്യ വർദ്ധിപ്പിക്കുന്നതിനായി 9.00 നും 4.00 pm നും KSRTC യുടെ സൗകര്യം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതാണ്. മെയിന്റനൻസ് ഗ്രാൻഡ് യഥാസമയം ലഭിക്കാറില്ല. അധ്യാപകർക്ക് ഐടിയിലെ പരിജ്ഞാനക്കുറവ്.

## മേന്മകൾ പ്രതീക്ഷിത നേട്ടങ്ങൾ

- 2025 - 26 പിന്നിട്ട 108 വർഷങ്ങളുടെ അഭിമാനിക്കാവുന്ന പാരമ്പര്യം
- കുട്ടികളെ വിശ്വസിച്ച് പറഞ്ഞയക്കാവുന്ന അക്കാദമിക സാഹചര്യങ്ങൾ, ആത്മാർത്ഥതയുള്ള അധ്യാപകർ, മികച്ച വിദ്യാഭ്യാസം, വിഭവസമൃദ്ധമായ ഉച്ചഭക്ഷണം, മെച്ചപ്പെട്ട കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ.
- സൗജന്യ സ്കൂൾ യൂണിഫോം, സൗജന്യ പാഠപുസ്തകങ്ങൾ
- മെച്ചപ്പെട്ട കലാകായിക പരിശീലനങ്ങൾ, മത്സരവേദികൾ, സഹകരണം മനോഭാവമുള്ള PTA അംഗങ്ങൾ.
- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, വിദ്യാരംഗം കലാസാഹിത്യവേദി, സയൻസ്, ഇംഗ്ലീഷ്, ഗണിതം, സോഷ്യൽ സയൻസ് ക്ലബ്ബുകൾ, പരിസ്ഥിതി ക്ലബ്ബ്
- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം
- വ്യക്തി ശുചിത്വ ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, ക്ലാസുകൾ
- കായികക്ഷമത പരിശീലനം
- മെച്ചമായ സ്കൂൾ അസംബ്ലി
- ഭാഷാശേഷി വികസന പരിപാടികൾ
- ജനറൽ നോളജ് ക്ലാസുകൾ
- മൂല്യബോധന ക്ലാസുകൾ
- മോറൽ ക്ലാസുകൾ

- പാഠപുസ്തക പരീക്ഷയിലൂടെ കുട്ടികളുടെ നിലവാരം വിലയിരുത്തൽ.
- നീന്തൽ പരിശീലനം
- മെച്ചപ്പെട്ട ലൈബ്രറി, സയൻസ് ലാബുകൾ
- പത്താം ക്ലാസുകാർക്ക് നവംബർ മുതൽ തുടങ്ങുന്ന രാത്രികാല ക്ലാസുകൾ.

# വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ

## നിലവിലെ അവസ്ഥ ഐടി അനുബന്ധ സാമഗ്രികൾ

| നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|---|
| 1 | കമ്പ്യൂട്ടർ | ✔ | |
| 2 | ലാപ്ടോപ്പ് | ✔ | |
| 3 | എൽസിഡി പ്രൊജക്ടർ | ✔ | |
| 4 | ടിവി | ✔ | ✔ |
| 5 | ഇന്റർനെറ്റ് കണക്ഷൻ | ✔ | |
| 6 | സി ഡി | ✔ | |
| 7 | നെറ്റ് | ✔ | |
| 8 | പെൻഡ്രൈവ് 16 ജിബി | ✔ | |
| 9 | പ്രിന്റർ | ✔ | ✔ |
| 10 | റേഡിയോ | | ✔ |

| | | | |
|---|---|---|---|
| 11 | ടേപ്പ് റെക്കോർഡർ | | ✔ |
| 12 | സിഡി പ്ലെയർ | ✔ | |
| 13 | കമ്പ്യൂട്ടർ സ്റ്റാഫ് | | ✔ |
| 14 | സ്മാർട്ട് ക്ലാസ്സ് റൂം | ✔ | |
| 15 | ലാംഗ്വേജ് ലാബ് | | ✔ |

# വിദ്യാലയത്തിലെ ഭൗതികാന്തരീഷം – നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | ✔ | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | ✔ | |
| പെൺകുട്ടികൾക്കായുള്ള പ്രത്യേക ടോയ്ലറ്റ് | ✔ | |
| കുടിവെള്ള സൗകര്യം | ✔ | |
| പ്രധാന അധ്യാപക മുറി | ✔ | |
| ചുറ്റമതിൽ | ✔ | |
| കളിസ്ഥലം | ✔ | |
| ക്ലാസ് മുറി | ✔ | |
| അടുക്കള | ✔ | |

# ഐടി സൗകര്യങ്ങളുടെ അവസ്ഥ

സൗകര്യം ഉള്ളതിനാൽ പല ഗവൺമെന്റ് നിർദ്ദേശങ്ങളും യഥാസമയം അറിയുവാനും കുട്ടികളുടെ വിവരങ്ങൾ നൽകുവാനും കഴിയുന്നുണ്ട്. പല പഠന പ്രവർത്തനങ്ങൾക്കും, സംശയ നിവാരണത്തിനും സൗകര്യം അധ്യാപകർ തേടാറുണ്ട്.

# സാമൂഹിക പങ്കാളിത്തം

സാമൂഹിക പങ്കാളിത്തത്തോടെ സയൻസ് ലാബ് നവീകരിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കി. ദിനാചരണങ്ങൾ ആഘോഷമായി നടത്തപ്പെട്ടു. ഗ്രാമസഭകൾ നടക്കുമ്പോൾ ആവശ്യങ്ങൾ അറിയിക്കുന്നു.

# അടിസ്ഥാന സൗകര്യങ്ങൾ

സ്കൂൾ കെട്ടിടം കുറച്ചുകൂടി മെച്ചപ്പെടേണ്ട അവസ്ഥയാണ്. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പഴയ കെട്ടിടത്തിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. ക്ലാസ് മുറികളിൽ കസേര ബെഞ്ച് ബോർഡ് മേശ എന്നിവ ആവശ്യത്തിനുണ്ട്. ഉച്ചഭക്ഷണപ്പുരയും ആൺ പെൺകുട്ടികൾക്ക് പ്രത്യേകം ടോയ്ലറ്റ് സൗകര്യങ്ങളും ഉണ്ട്. സ്കൂളിന് വിശാലമായ ഗ്രൗണ്ട് ഉണ്ട്. പക്ഷേ കുറച്ചുകൂടി ഗ്രൗണ്ട് പോക്കേണ്ടത് ആവശ്യമാണ്. ലൈബ്രറിയിൽ പുസ്തകങ്ങളുടെ അപര്യാപ്തത ഉണ്ട്. ലാബ് സൗകര്യങ്ങളും കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതാണ്.

# കുട്ടികളുടെ പഠന നിലവാരം

## 2025 ലെ ഗ്രേഡ് വിവരം

| Std | A | B | C | D | E | Total |
|---|---|---|---|---|---|---|
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |

### വിശകലനം

മിക്കവാറും എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അനുബന്ധശേഷികളും കൈവരിച്ചിട്ടുണ്ട്. സ്കൂൾ പഠനസമയത്തിനു ശേഷം 3.45 pm മുതൽ 4.45 pm വരെയുള്ള സമയത്ത് പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേകം പഠനസൗകര്യം ഒരുക്കുന്നുണ്ട്.

# അനുബന്ധ പിന്തുണാ സംവിധാനങ്ങൾ

## എസ് ആർ ജി

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി എസ് ആർ ജി കാര്യക്ഷമമായി നടത്തിവരുന്നു. ഓരോ ആഴ്ചയിലും അവസാനദിവസം അനുയോജ്യമായ സമയം ഇതിനായി ഉപയോഗപ്പെടുത്തുന്നു. മുൻ ആഴ്ചയിൽ തീരുമാനിച്ച കാര്യങ്ങൾ ക്ലാസ്സിൽ നടപ്പിലാക്കിയപ്പോൾ നേരിട്ട് ബുദ്ധിമുട്ടുകളും പരിഹാരമാർഗ്ഗങ്ങളും വിലയിരുത്തലുകളും എല്ലാം എസ് ആർ ജി യിൽ ഉൾപ്പെടുത്തുന്നു.

## പി റ്റി എ

സ്കൂൾ വികസനത്തിന്റെയും വിലയിരുത്തലിന്റെയും അവിഭാജ്യ ഘടകമായി പി റ്റി എ പ്രവർത്തിച്ചുവരുന്നു. വിനാചരണങ്ങൾ ആഘോഷങ്ങൾ അനുസ്മരണങ്ങൾ ക്ലാസുകൾ എന്നിവ പി റ്റി എ യുടെ സഹായത്തോടെ നടത്തുന്നു.

## എം പി റ്റി എ

ഉച്ചഭക്ഷണ പരിപാടികളിൽ സഹകരിക്കുന്നു. മാതാപിതാക്കൾക്കായി പഠന ക്ലാസുകൾ സംഘടിപ്പിക്കുന്നു. കലാകായിക മത്സരങ്ങൾക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നു. കുട്ടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സഹകരിക്കുന്നു.

## എസ് എസ് ജി

സ്കൂൾ വികസനവുമായി. വാർഡ് മെമ്പറിന്റെ സഹായത്തോടെ സ്കൂൾ റോഡ് പോലെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

# നടപ്പ് വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

## അക്കാദമികം

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും നേരത്തെ വിധം പഠന പ്രവർത്തനങ്ങൾ ഏകോപിക്കുന്നു.
- ഐസിടി സാധ്യതകൾ കഴിവതും പ്രയോജനപ്പെടുത്തുന്നു.
- ഇംഗ്ലീഷ് പഠനത്തിന് കൂടുതൽ ഊന്നൽ നൽകുന്നു.
- ആരോഗ്യ കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നു.
- എസ് ആർ ജി കാര്യക്ഷമമാക്കുക.

- എല്ലാ ആഴ്ചയിലും എസ് ആർ ജി യോഗങ്ങൾ.
- പഠന നിലവാര ചർച്ച.
- എല്ലാ കുട്ടികളെയും എ ഗ്രേഡിൽ എത്തിക്കുന്നു.
- നോട്ട് ബുക്കുകൾ സമഗ്രമാക്കുക.

## പി റ്റി എ

- ഓരോ മാസവും പി റ്റി എ യോഗങ്ങൾ.
- എം പി റ്റി എ കാര്യക്ഷമമാക്കുക.
- പുസ്തക വായന കൂട്ടങ്ങൾ സംഘടിപ്പിക്കുക.

## ഭൗതികം

- ഉച്ചഭക്ഷണപുര നവീകരണം.
- സ്കൂൾ പരിസരവും വൃത്തിയായി സൂക്ഷിക്കുക.
- സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം.
- സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

## ദിനാചരണങ്ങൾ

- സ്കൂളിലെ ദിനാചരണങ്ങൾ ആകർഷകമാക്കുക.
- ദിനാചരണത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- ആരോഗ്യ പരിപാലന ക്ലാസുകൾ സംഘടിപ്പിക്കുക.

## ആഘോഷങ്ങൾ

ഓണം, ക്രിസ്തുമസ്, ശിശുദിനം, വാർഷികം തുടങ്ങിയ പ്രത്യേക ആഘോഷങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക.

# കർമ്മപരിപാടി ആസൂത്രണം ചെയ്യൽ

| നമ്പർ | അധ്യയന വർഷം | ഇനം | നടപ്പിലാക്കേണ്ട വിദ്യാലയഘടക ം | പിന്തുണ സംവിധാനം |
|---|---|---|---|---|
| 1 | 2025-26 | അക്കാദമികം | എല്ലാവരെയും എ/ബി ഗ്രേഡിൽ എത്തിക്കുക | എച്ച് എം/ സ്റ്റാഫ് |
| 2 | 2025-26 | അക്കാദമികം | IT സാധ്യതകൾ വർദ്ധിപ്പിക്കുക | പി റ്റി എ / സ്റ്റാഫ് |
| 3 | 2025-26 | ഭൗതികം | സ്കൂൾ കെട്ടിട നിർമ്മാണം | മാനേജ്മെന്റ് / പി റ്റി എ |
| 4 | 2025-26 | ഭൗതികം | ഫുട്ബോൾ കോർട്ട് | പി റ്റി എ |
| 5 | 2025-26 | ഭൗതികം | സ്കൂൾ ഗ്രൗണ്ട് പൊക്കുക | എം എൻ എ |
| 6 | 2025-26 | ഭൗതികം | സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | എം എൻ എ / മാനേജ്മെന്റ് |
| 7 | 2025-26 | കമ്പ്യൂട്ടർ ലാബ് | IT പഠനം | പി റ്റി എ |
| 8 | 2025-26 | ലാബ് | വായനാശീലം വളർത്തൽ | പി റ്റി എ / സ്റ്റാഫ് |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമി കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക. സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരാക്കി കുട്ടികളെ മാറ്റുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എല്ലാ വിഷയവും കുട്ടികൾക്ക് പഠിക്കുവാൻ താല്പര്യം തോന്നത്തക്ക രീതിയിൽ ക്ലാസുകൾ ക്രമീകരിക്കുക. പാഠ്യാത്മക പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുക. കുട്ടികൾക്ക് ഗണിതത്തിലുള്ള അഭിരുചി വർദ്ധിപ്പിക്കുക.
- അധ്യാപനം സർഗാത്മവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- മനുഷ്യത്വം, സഹജീവി മനോഭാവം, ദയ, ദീനാനുകമ്പ എന്നീ മൂല്യങ്ങൾ വളർത്തുന്നതതരത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുട്ടികളിൽ ഉറപ്പാക്കുക. പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

**മേഖല:- അക്കാദമികം (UP & HS) ഉപമേഖല :- മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **യു പി വിഭാഗം**<br>പൊതു ലക്ഷ്യങ്ങൾ<br>എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br>വിവിധരചന ഭാഷാ വസ്തുതകളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സ്വന്തം പ്രകടനങ്ങളിലും വ്യവഹാര രൂപങ്ങളിലും | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദ നിർമ്മാണം, വാക്യ വ്യാകരണം.<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്.<br>നടന്നു നടന്ന് പിന്നെ പറന്നു പറന്ന് (കേരള പാഠാവലി)<br>അനുഭവം പറയൽ | ഒരു വർഷം<br>ഒരു വർഷം<br>ഒക്ടോബർ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | PTA<br>പ്രാദേശികം |

| | | | | |
|---|---|---|---|---|
| പ്രയോഗിക്കുക.<br>തീവ്രമായ ജീവിതാനുഭവങ്ങൾ വൈകാരികമായ ഭാഷയിൽ പുതുമയോടെ ആവിഷ്കരിക്കുക. | അനുഭവക്കുറിപ്പ്<br>കത്ത്<br>വർണ്ണന<br>യാത്രാ വിവരണം<br>ഡിജിറ്റൽ പോസ്റ്റർ | | | |
| | ചരിത്ര പ്രാധാന്യമുള്ള ഇടങ്ങൾ സന്ദർശനം (തനത്)<br>യാത്രാനുഭവം എഴുതൽ | ഒക്ടോബർ | മലയാളം അധ്യാപകർ | |
| വാചിക രൂപത്തിലും ലിഖിത രൂപത്തിലും ഉള്ള വിവിധ വ്യവഹാര രൂപങ്ങളും സാഹിത്യ രൂപങ്ങളും കേട്ട് മനസ്സിലാക്കുകയും ഉചിതമായ ഭാഷയിൽ വാചികമായും ലിഖിതമായും | കവിതാരചന<br>സമാന കവിതകൾ, താരതമ്യക്കുറിപ്പ്<br>എഴുത്തുകാരെ പരിചയപ്പെടാം | നവംബർ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | PTA<br>പ്രാദേശികം |
| | കനിവായി നിലവായ് (അടിസ്ഥാന പാഠാവലി) | നവംബർ | | |

| | | | | |
|---|---|---|---|---|
| വ്യത്യസ്ത രൂപങ്ങളിൽ അവതരിപ്പിക്കുക.<br>വിവിധ രചനകളിലെ ഭാഷാവസ്തുതകളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സ്വന്തം പ്രകടനങ്ങളിലും വ്യവഹാര രൂപങ്ങളിലും പ്രയോഗിക്കുക.<br>വിവിധ സാഹിത്യ രചനകൾ ആസ്വദിക്കുന്നതിലൂടെ മാനവികത എന്ന മൂല്യം കൈവരിക്കുക.<br>കേട്ടും വായിച്ചും തിരിച്ചറിഞ്ഞ ആശയങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കുക.<br>കേട്ടും വായിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വരയിലൂടെയും അഭിനയത്തിലൂടെയും പ്രകടിപ്പിക്കുക. | പരിചയപ്പെട്ടുത്തൽക്കുറിപ്പ്<br>ചർച്ചക്കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ചിത്രരചന<br>നാടകം<br>യൂണിറ്റ് പരീക്ഷകൾ (വ്യവഹാര രൂപങ്ങൾ) | നവംബർ | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| യൂണിറ്റ് മൂല്യനിർണയം<br><br>ദിനാചരണം | നവംബർ 1 – കേരളപ്പിറവി മലയാളഭാഷ ദിനം മലയാളഭാഷാധ്യാപകരെ ആദരിക്കൽ<br><br>മലയാള വേഷത്തനിമ<br><br>വിദ്യാരംഗം സാഹിത്യ വേദി വിജയികൾക്കുള്ള സമ്മാനദാനം. | നവംബർ<br><br>നവംബർ | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി | |
| **എച്ച് എസ് വിഭാഗം**<br><br>പ്രൈമറിതലത്തിൽ നിന്നും നേടിയെടുത്ത ഭാഷ നൈപുണികൾ പരിശോധിക്കുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു | അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകൾ, വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുന്നു | | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പാഠഭാഗങ്ങൾ വായിച്ച സ്വന്തമായി ആശയങ്ങൾ | | | | |
| തെറ്റ് കൂടാതെ കുറിക്കാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു | | | മലയാളം അധ്യാപകർ | |
| ഉപന്യാസരചന ആസ്വാദനക്കുറിപ്പ് പ്രഭാഷണം | | | | |
| പോലെയുള്ള വ്യവഹാര രൂപങ്ങളിൽ പരിശീലനം നൽകുന്നു | | | | |
| നിരന്തര മൂല്യനിർണയത്തിലൂടെ സമയബന്ധിതമായി ഉത്തരങ്ങൾ എഴുതി തീർക്കാൻ പരിശീലിപ്പിക്കുന്നു | ഓരോ ക്ലാസിനും ഒരു പത്രം സാധ്യമാക്കുന്നു | | മലയാളം അധ്യാപകർ | |
| പത്രവായന പ്രോത്സാഹിപ്പിക്കകയും അതിലൂടെ ഭാഷാനൈപുണി വർദ്ധിപ്പിക്കുകയും | | | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ചെയ്യുന്നു<br><br>പാഠപുസ്തക പഠനത്തിനപ്പുറം ലൈബ്രറി സാധ്യതകൾ ഉപയോഗപ്പെടുത്തി ഭാഷാ പഠനം വിപുലമാക്കുന്നു<br><br>മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ സഹായത്തോടെ മാതൃഭാഷാ പഠനം സുഗമമാകുന്നു | മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകളുടെ നിരന്തരവിശകലനം | | മലയാളം അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം

**മേഖല:- അക്കാദമികം (UP & HS) ഉപമേഖല:- സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| ◆ എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>◆ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>◆ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | ◆ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>◆ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>◆ പതിപ്പുകൾ, മാഗസിനുകൾ.<br>◆ രചന ശില്പശാലകൾ.<br>◆ സംസ്കൃത ദിനാചരണം /അസംബ്ലി<br>◆ ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്സ് | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്ര | |

| | | | | |
|---|---|---|---|---|
| ◆ ആശയങ്ങൾ തെറ്റുകൂടാതെ പ്രകടമാക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>◆ എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.<br>◆ സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>◆ ഭാഷ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.<br>◆ ഭാഷാ ലാബ്. | ◆ വായനാമൂല,പദപയറ്റ്,ചോദ്യോത്തരപ്പയറ്റ്,നിഘണ്ടു നിർമ്മാണം,മാഗസിൻ നിർമ്മാണം,ദിനാചരണങ്ങൾ,പോസ്റ്റ് നിർമ്മാണം,കഥ – ഉപന്യാസം രചിക്കൽ & അവതരണം etc..<br>◆ വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc.<br>◆ വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ | ജൂൺ മുതൽ മാർച്ച് വരെ | ങ്ങൾ etc..<br>പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**

സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ , ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃത ദിനാചരണം**

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃത സംഭാഷണ ശിബിരം**

സംഭാഷണ പാഠവും മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ

- **പഠന യാത്രകൾ സംഘടിപ്പിക്കൽ**

സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ

- **വിവിധ മത്സരങ്ങൾ**

കഥാരചന, കവിതാരചന, ഉപന്യാസ രചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ

- **വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

വിക്ടേഴ്സ് ചാനൽ സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെൻററുകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഇംഗ്ലീഷ്

**മേഖല:- അക്കാദമികം** (UP & HS ) **ഉപമേഖല:- ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **UP ഇംഗ്ലീഷ്** | | | | |
| ഇംഗ്ലീഷ് വായന : തെറ്റ് കൂടാതെ ഇംഗ്ലീഷ് വായിക്കാനുള്ള പരിശ്രമം ചെയ്യും. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഇംഗ്ലീഷ് അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് സംസാരം : ഇംഗ്ലീഷിൽ സംസാരിക്കാനുള്ള | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഇംഗ്ലീഷ് ചിത്രകഥകൾ അതിൻ്റെ സി.ഡി, | | | |

| | | | | |
|---|---|---|---|---|
| കഴിവുണ്ടാക്കി യെടുക്കും നിത്യജീവിത ത്തിൽ ആവശ്യം വരുന്നത് ഇംഗ്ലീഷിൽ സംസാരിക്കാ നുള്ള ഭാഷ പരിചയപ്പെട്ടു ത്തും | താഴെ ഇംഗ്ലീഷിൽ വാക്യം ഉള്ളവ കാണിക്കും.<br><br>ഇംഗ്ലീഷ് മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഇംഗ്ലീഷിൽ തന്നെ ചോദിക്കും. ഇംഗ്ലീഷിൽ മാത്രം സംസാരിക്കുന്നവ രെ ക്ലാസ്സിൽ കൊണ്ടുവന്നു പരിചയപ്പെട്ടുത്തും.<br><br>വായനയ്ക്ക്....<br><br>ഇംഗ്ലീഷ് തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br><br>Readery fight – മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി | ജൂൺ മുതൽ ഫെബ്രു വരി വരെ<br><br>ജൂൺ മുതൽ ഫെബ്രു വരി വരെ | ഇംഗ്ലീഷ് അധ്യാ പകർ<br><br>ഇംഗ്ലീഷ് അധ്യാ പകർ | |

| | | | | |
|---|---|---|---|---|
| | വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | | | |
| **HS ഇംഗ്ലീഷ്**<br><br>ഇംഗ്ലീഷ് പഠനത്തിൽ ഐ.സി.ടി.യുടെ ഉപയോഗം<br><br>വായനാശേഷി മെച്ചപ്പെടുത്തുന്നതിനായി<br><br>വിദ്യാർത്ഥികളെ അടിസ്ഥാന ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ സാധ്യമാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട ചലച്ചിത്രങ്ങളും വീഡിയോകളും കാണിക്കുന്നത്<br><br>പാഠപദ്യവുമായി ബന്ധമുള്ള ഒരേ തീമിലുള്ള വിവിധ കവിതകളുടെ അവതരണം ഓൺലൈൻ വിഭവങ്ങൾ ഉപയോഗിക്കുക ഇംഗ്ലീഷ് കാർട്ടൂണുകളുടെ അവതരണം<br><br>വിദ്യാർത്ഥികളെ ലൈബ്രറി പുസ്തകങ്ങൾ വായിക്കാനും ഓരോ പുസ്തകത്തിന്റെയും അവലോകനം തയ്യാറാക്കാനും പ്രേരിപ്പിക്കുന്നത് വിദ്യാർത്ഥികളെ പത്രം വായിക്കാനും വാർത്ത | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശ്രവണശേഷി മെച്ചപ്പെടുത്തുന്നതിനായി<br><br>നാഷണൽ അച്ചീവ്മെന്റ് സർവേ പരീക്ഷ | ശീർഷികകൾ എഴുതാനും പ്രേരിപ്പിക്കൽ<br><br>ഫ്ലാഷ് കാർഡുകൾ, ക്വിസുകൾ, ഓൺലൈൻ വിഭവങ്ങൾ എന്നിവയിലൂടെ ശബ്ദസഞ്ചയം മെച്ചപ്പെടുത്തൽ<br><br>വാക്യരചനയിലെ പിശകുകൾ തിരിച്ചറിയാനും ശരിയാക്കാനും<br><br>പൊതുവായ പിശക് മാതൃകകളെക്കുറിച്ച് ശ്രദ്ധ കേന്ദ്രീകരിക്കുക<br><br>ഭാഷാ ഗെയിമുകൾ<br><br>പ്രിപ്പോസിഷനുകൾ, നൗണുകൾ, പ്രോനൗണുകൾ , പ്രോവെർബുകൾ തുടങ്ങിയ അടിസ്ഥാന ഇംഗ്ലീഷ് വ്യാകരണ വിഷയങ്ങൾ പരിചയപ്പെടുത്തുക<br><br>കുട്ടികളുടെ ഫോണറ്റിക് | വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശബ്ദസഞ്ചയം വർധിപ്പിക്കാൻ<br><br>ഭാഷ മെച്ചപ്പെടുത്താൻ<br><br>USS പരീക്ഷ<br><br>വായനാ സമർത്ഥത മെച്ചപ്പെടുത്താൻ | കഴിവുകൾ മെച്ചപ്പെടുത്താൻ ഭാഷാ ലാബ് അനുഭവങ്ങൾ നൽകാൻ പദ്ധതി (ഇംഗ്ലീഷ് വാർത്തകൾ, ബ്രോഡ്കാസ്റ്റുകൾ, രസകരമായ ഷോകൾ കേൾക്കുന്നത്)<br><br>വിദ്യാർത്ഥികൾക്ക് കൂടുതൽ അന്യമായ പാസേജുകളും മൾട്ടി ചോയ്സ് ചോദ്യങ്ങളും നൽകാനാണ് പദ്ധതിയിടുന്നത്<br><br>എല്ലാ ക്ലാസുകളിലും സ്പെല്ലിങ് ബീ മത്സരങ്ങൾ<br><br>ഡയറി എഴുതൽ, പൊതുവായ പദങ്ങളും വാക്യങ്ങളും പഠിക്കൽ, പത്രം<br><br>വായനാ സമർത്ഥത വ്യാകരണം കാവ്യോപകരണങ്ങൾ പാരഗ്രാഫ് ചോദ്യങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി

**മേഖല:- അക്കാദമികം (UP & HS ) ഉപമേഖല:- ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **UP ഹിന്ദി**<br>◆ 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.<br>ഹിന്ദി അഞ്ചാം ക്ലാസ്സ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക.<br><br>◆ ഹിന്ദി വായന : തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല, ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ.<br><br>നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻ്റെ സി.ഡി, താഴെ ഹിന്ദിയിൽ വാക്യം ഉള്ളവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ◆ ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | കാണിക്കും.<br><br>ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവന്നു പരിചയപ്പെടുത്തും.<br><br>വായനയ്ക്ക്....<br><br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br><br>Readery fight – മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| **HS ഹിന്ദി** | | | | |
| ◆ രാഷ്ട്രഭാഷയ ◌ോട്ടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന,കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| ◆ മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| ◆ വിവർത്തകർ, വാർത്താവായനക്ക ◌ാർ, ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി മാതൃഭാഷയായ പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിത ◌ാക്കൾ<br>പി ടി എ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതം

### മേഖല:- അക്കാദമികം (UP & HS) ഉപമേഖല :- ഗണിതം

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിത മിഠായി, പരിഹാരബോധനം, ലാബ് പ്രവർത്തനങ്ങൾ | ദീർഘകാലം | നോട്ടു ബുക്കുകൾ ചാർട്ട് മാർക്കർ സ്കെച്ച് കളർ പെൻസിൽ | 5000 | എച്ച് എം, പി ടി എ, ഗണിത അധ്യാപകർ |
| 2. | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്, ജോമട്രിക് ചാർട്ട്, ഗണിത പൂക്കളം, പതാക നിർമ്മാണം, പതിപ്പുകൾ, ഗണിതം പ്രകൃതിയിൽ സെമിനാർ, ഗണിത പാട്ടുകൾ, ഗണിതം നിത്യജീവിതത്തിൽ, കുസൃതി കണക്കുകൾ, ശേഖരണം, ഗണിത മാഗസിൻ, ഗണിതശാസ്ത്ര ജ്ഞന്മാരുടെ | ഹ്രസ്വകാലം | ചാർട്ട് പേപ്പർ, ഫെവിക്കോൾ സെല്ലോടേപ്പ്, കത്രിക, കളർ പേപ്പർ, കളർ നൂല്, കാർഡ് ബോർഡ്, മാർക്കർ, മൊട്ടുസൂചി, മുള്ളാണി, ക്രയോൺ, A4 പേപ്പർ | 5000<br>1000<br>500<br>1000<br>500<br>500<br>1000<br>500 | ഗണിതശാസ്ത്ര വിദഗ്ധർ<br>എസ് |

| | | | | | | |
|---|---|---|---|---|---|---|
| | | ജീവചരിത്രം,<br><br><br><br>ഗണിതത്തിലെ നാട്ടറിവുകൾ ശേഖരണം, ഗണിത ലാബുകൾ സജ്ജമാക്കൽ, ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ , ഗണിത ലൈബ്രറി, ക്ലാസ് മുറികളുടെ ചുമർ ഗണിത ആശയങ്ങളാൽ അലങ്കരിക്കൽ, ഗണിത ശില്പശാല, ഗണിത സഹവാസ ക്യാമ്പ്, ഗണിത മേള, ഗണിത പ്രദർശനം, ഗണിത നിഘണ്ടു, ഗണിത പാർക്ക്, ഗണിതോത്സവം, ഗണിത അസംബ്ലി, മനക്കണക്ക് മത്സരം, ഗണിത ക്ലിനിക്ക് | | | 1000<br>1000<br>500<br><br><br><br><br><br>2500 | ആർ ജി, പി ടി എ |
| 3. | ഐസിടി സാധ്യതയില്ലു ള്ള ഗണിത പഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര, മാത്സ് പാഡ് തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് | മധ്യകാലം | ലാപ്ടോപ്, ടാബ്, മൊബൈൽ | 2000 | ഗണിതശാസ്ത്ര വിദഗ്ധർ |

| | | | | | | |
|---|---|---|---|---|---|---|
| | | ഗണിത പഠനം | | | | |
| 4 | ചതുഷ്കീയ ഉറപ്പിക്കൽ ബീജഗണിതം ആസ്വാദ്യമാക്കൽ<br><br>പ്രശ്നനിർധാരണം സാധ്യമാക്കൽ<br><br>ഗണിത താൽപര്യം വർദ്ധിപ്പിക്കൽ<br><br>ക്രിയാ ത്മകത കൃത്യത സൂക്ഷ്മത ഇവ ഉറപ്പിക്കൽ<br><br>ഗണിത ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കൽ<br><br>പരീക്ഷാ പരിശീലനം<br><br>പണവിനിമയം വ്യക്തമായ ധാരണ ഉണ്ടാക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ഗണിത വർക്ക്ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ<br><br>പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു.<br><br>വേദ ഗണിതം, യുക്തിഭാഷ, ലീലാവതി തുടങ്ങിയ ബുക്കുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു.<br><br>സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു<br><br>ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത വർക്ക്ഷോപ്പുക | ഹ്രസ്വകാലം<br><br>ഒരു മാസം | A4 പേപ്പർ, ലൈബ്രറി പുസ്തകങ്ങൾ<br><br>A4 പേപ്പർ,<br><br>ലൈബ്രറി പുസ്തകങ്ങൾ<br><br>A4 പേപ്പർ,<br><br>വർണ്ണ കടലാസ്, തുണി മൂന്ന് നിറത്തിൽ വെള്ള, പച്ച, ഓറഞ്ച് ലാബ് | 2000<br><br>500<br><br>2000<br><br>500<br><br>1000 | ഗണിത അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | മാഗസിനുകൾ തയ്യാറാക്കാനുള്ള ശേഷി<br><br>ഗണിത മേളകളിൽ പങ്കെടുക്കാനുള്ള താല്പര്യം വർദ്ധിപ്പിക്കൽ<br><br>ഗണിതത്തിലുള്ള ക്രിയാത്മകത വർദ്ധിപ്പിക്കൽ | ൾ, ജാമിതിയെ പാറ്റേണുകൾ നിർമ്മാണം, ഗണിത പതിപ്പ് തയ്യാറാക്കൽ, ജിയോജിബ്ര പരിശീലനം, ഐ സി ടി, പതാക നിർമ്മാണം<br><br>ചോദ്യപേപ്പർ നിർമ്മാണം, മൾട്ടിപ്പിൾ ചോയിസ്, ചോദ്യങ്ങൾ നിർമ്മിക്കൽ, ഓപ്പൺ ബുക്ക് ടെസ്റ്റ് പേപ്പറുകൾ, സ്വയം വിലയിരുത്തൽ ടെസ്റ്റുകൾ, ഗ്രൂപ്പായി ചോദ്യം ചോദിക്കൽ<br><br>നിത്യജീവിതത്തിലെ പണവിനിമയ മാർഗങ്ങൾ ചർച്ച ചെയ്യുക, ഒരു മാസത്തെ വരവു ചെലവ് കണക്കുകൾ തയ്യാറാക്കുക.<br><br>മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുക, മാഗസിൻ | ഒരു മാസം<br><br>ഒരു മാസം | പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ സാമഗ്രികൾ<br><br>A4 പേപ്പർ, .<br><br>മാഗസിൻ നിർമ്മിക്കാൻ വേണ്ട സാധനസാമഗ്രികൾ, A4 പേപ്പർ, കളർ പെൻസിൽ, സ്കെച്ച്, മാർക്കർ, ക്രയോൺ | 500<br><br>1000 | |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രവർത്തനങ്ങൾക്ക് വേണ്ട തയ്യാറെടുപ്പുകൾ നടത്തുക.<br><br>ഗണിത മേളകളിൽ വിവിധ ഇനങ്ങളിൽ മത്സരം നടത്തി വിജയികളെ കണ്ടെത്തുക. എക്സിബിഷൻ നടത്തുക.<br><br>വിവിധ വിഷയങ്ങളിൽ ഗണിത സെമിനാറുകൾ, ചർച്ചകൾ, സംവാദം, പേപ്പർ പ്രസന്റേഷൻ എന്നിവ സംഘടിപ്പിക്കുക. ഗണിതശാസ്ത്ര ജ്ഞരെക്കുറിച്ച് കളക്ഷൻ, ആൽബം എന്നിവ തയ്യാറാക്കൽ | | | | |
| 5. | NAS പരീക്ഷയുടെ തയ്യാറെടുപ്പ് NAS പരീക്ഷയിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം, സ്കോർ എന്നിവ നേടുക | 6 ലേയും 9 ലേയും കുട്ടികളെ പരമാവധി ചോദ്യങ്ങൾ പരിചയപ്പെടുത്തുക.<br>എല്ലാ ദിവസവും 5 ചോദ്യങ്ങൾ വീതം കുട്ടികൾക്ക് നൽകുക | എല്ലാ പഠന ദിവസങ്ങളിലും | നോട്ട് ബുക്കുകൾ, ലാപ്ടോപ്പ്, പേന, പെൻസിൽ, ഇൻസ്ട്രുമെന്റ് ബോക്സ് | | ഗണിത അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

### മേഖല:- അക്കാദമികം (UP & HS)

### ഉപമേഖല :- സാമൂഹ്യശാസ്ത്രം

1916 ൽ ലോവർ പ്രൈമറി സ്കൂൾ ആയി തുടങ്ങി പിന്നീട് അപ്പർ പ്രൈമറി സ്കൂളായും ഹൈസ്കൂൾ ആയും ഹയർ സെക്കൻഡറി ആയും ഉയർത്തപ്പെട്ട നായർ സമാജം ഹയർ സെക്കൻഡറി സ്കൂളിന്റെ 109 ആമത് പ്രവർത്തന വർഷമാണ് 2024- 25 അധ്യയന വർഷം.

ഈ അധ്യയന വർഷം സ്കൂളിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് ചെയ്യേണ്ടുന്ന കാര്യങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം

ഓരോ ക്ലാസിൽ നിന്നും സാമൂഹ്യശാസ്ത്രത്തോടെ ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവരിൽ ശാസ്ത്ര ചിന്തയും സാമൂഹിക പ്രതിബദ്ധതയും പൗരബോധവും സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനുമായി സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുക. ജൂൺ മാസത്തിലെ രണ്ടാം ഭാരം തന്നെ പ്രസ്തുത ക്ലബ്ബിന് രൂപീകരണം നടത്തുക കൺവീനർമാരെ നിശ്ചയിക്കുക വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നിവ നടത്തേണ്ടതാണ്.

### 2. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്

പ്രക്രിയകളും അതിന്റെ വിവിധ ഘട്ടങ്ങളും തിരിച്ചറിയുന്നതിനായി അതേ മാതൃകയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ജൂലൈ ആദ്യവാരം നടത്തുക.

### 3. സബ്ജക്ട് കൗൺസിൽ

പാഠപുസ്തകവുമായി ബന്ധപ്പെട്ട ഹാർഡ്സ് സ്പോട്ടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും പാഠഭാഗങ്ങൾ സുഗമമായി ക്ലാസുകളിൽ പകർന്നു നൽകുന്നതിനും അക്കാദമിക മാസ്റ്റർ പ്ലാനിൽ

ആസൂത്രണം ചെയ്തിരിക്കുന്ന കാര്യങ്ങൾപൊതുവായും വിഷയാധിഷ്ഠിത കാര്യങ്ങൾ പ്രത്യേകമായും ചർച്ച ചെയ്യുന്നതിനും എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച വൈകുന്നേരം സബ്ജക്ട് കൗൺസിൽ ചേരുക

## 4. NAS പരീക്ഷയുടെ തയ്യാറെടുപ്പ്

നാഷണൽ അച്ചീവ്മെന്റ് സർവ്വേയിൽ ദേശീയതലത്തിൽ സംസ്ഥാനങ്ങളിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം കഴിഞ്ഞ അക്കാദമിക വർഷം പരിശോധിച്ചപ്പോൾ കേരളത്തിൻ്റെ സ്കോർ പിന്നിൽ ആയതിന്റെ പശ്ചാത്തലത്തിൽ ഈ അധ്യയന വർഷം നടക്കുന്ന NAS പരീക്ഷയിൽ പ്രശ്നപരിഹാരത്തിനായുള്ള തയ്യാറെടുപ്പുകൾ വേണ്ടവിധം നടത്തേണ്ടതുണ്ട് ആയതിന്റെ ഭാഗമായി 6 - ലേയും 9 - ലേയും കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട പരമാവധി മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻസ് നൽകിയയും മാതൃകാ പരീക്ഷകൾ നടത്തുകയും അതുവഴി സംസ്ഥാനസർക്കാർ നടത്തുന്ന മോഡൽ പരീക്ഷകളിലും NAS പരീക്ഷകളിലും നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് സാമൂഹ്യശാസ്ത്രത്തിൽ മികച്ച സ്കോർ കൈവരിച്ച് സംസ്ഥാനത്തിൻ്റെ അഭിമാനം ഉയർത്തുന്നതിൽ പങ്കാളികളാകുവാനും കഴിയുക.

## 5. വിവിധ ദിനാചരണങ്ങൾ

വിവിധ ദിനാചരണങ്ങൾ നടത്തുക വഴി വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചിയും, പരിസ്ഥിതി ചിന്തയും , ചരിത്രബോധവും, ജനാധിപത്യ മൂല്യങ്ങളും, യുദ്ധവിരുദ്ധ വികാരവും, സാംസ്കാരിക വൈവിധ്യങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷിയും വളർത്തുവാൻ കഴിയും അതിനായി ആചരിക്കേണ്ട - ആഘോഷിക്കേണ്ട ദിനങ്ങൾ താഴെ നൽകുന്നു

**ജൂൺ**

5 - ലോക പരിസ്ഥിതി ദിനം

21- ലോക യോഗാ ദിനം

21 - ലോക സംഗീത ദിനം

**ജൂലൈ**

11 - ലോക ജനസംഖ്യാദിനം

26 - കാർഗിൽ വിജയ് ദിവസ്

**ആഗസ്റ്റ്**

6 - ഹിരോഷിമാ ദിനം

9 - നാഗസാക്കി ദിനം , ക്വിറ്റ് ഇന്ത്യാ ദിനം

12 - അന്തർദേശീയ യുവജന ദിനം

15 - സ്വാതന്ത്ര്യ ദിനം

19 - അന്താരാഷ്ട്ര ഫോട്ടോഗ്രാഫി ദിനം

20 - ശ്രീനാരായണഗുരു  ജയന്തി ദിനം

28 - അയ്യങ്കാളി ജന്മദിനം

29 - ദേശീയ കായിക ദിനം

29 - അന്താരാഷ്ട്ര ആണവ വിരുദ്ധ ദിനം

**സെപ്റ്റംബർ**

5 - ദേശീയ അധ്യാപക ദിനം

8 - ലോക സാക്ഷരതാ ദിനം

9 - ലോക പ്രഥമ ശുശ്രൂഷ ബോധവൽക്കരണ ദിനം

10 - ലോക ആത്മഹത്യാ വിരുദ്ധ ദിനം

16 - ഓസോൺ ദിനം

**ഒക്ടോബർ**

2 - ഗാന്ധിജയന്തി

24 - ഐക്യരാഷ്ട്ര ദിനം

**നവംബർ**

1 - കേരളപ്പിറവി ദിനം

**ഡിസംബർ**

1 - ലോക എയ്ഡ്സ് ദിനം

5 - അന്താരാഷ്ട്ര മണ്ണ് ദിനം

**ജനുവരി**

1 - പുതുവർഷ ദിനം

2 - മന്നം ജയന്തി

12 - ദേശീയ യുവജന ദിനം

23 - നേതാജി ദിനം

26 - റിപ്പബ്ലിക് ദിനം

30 - രക്തസാക്ഷി ദിനം

**ഫെബ്രുവരി**

1 - തീരദേശ സംരക്ഷണ ദിനം

2 - ലോക തണ്ണീർത്തട ദിനം

**മാർച്ച്**

15 - ലോക ഉപഭോക്തൃ ദിനം

20 - അന്താരാഷ്ട്ര സന്തോഷദിനം

22 - ലോക ജല ദിനം

**ഏപ്രിൽ**

13 - ജാലിയൻ വാലാബാഗ് ദിനം

14 - അംബേദ്കർ ജയന്തി

22 - ലോക ഭൗമ ദിനം

**മെയ്**

1 - ലോക തൊഴിലാളി ദിനം

2 - അന്താരാഷ്ട്ര കുടുംബദിനം

## 6. പഠനയാത്ര

'അനുഭവങ്ങളിലൂടെ പഠിക്കുക' എന്ന ബോധനം സാധ്യമാക്കുന്നതിനായി വിഷയാഭി രുചിയുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പഠനയാത്ര സംഘടിപ്പിക്കുക സെപ്റ്റംബർ അവസാനവാരമോ ഒക്ടോബർ ആദ്യവാരമോ പ്രസ്തുതയാത്ര സംഘടിപ്പിക്കാം. കുട്ടികളിൽ സഹവർത്തിത്വം, സാമൂഹിക ഇഴുകി ചേരൽ, നേതൃത്വ പരിശീലനം എന്നിവ വളർത്തുന്നതിന് പഠനയാത്ര ഉപകരിക്കും. പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നതിനായി തെന്മല പാലരുവി എന്നീ സ്ഥലങ്ങളിലേക്ക് ഏകദിന പഠനയാത്രകൾ നടത്തുവാൻ തീരുമാനിച്ചു.

തെന്മലയിലെ കല്ലട ഇറിഗേഷൻ പ്രോജക്റ്റ് കാണുന്നതിലൂടെ ഇലക്ട്രിസിറ്റി ഉൽപാദനത്തെക്കുറിച്ചും അതിൻെറ ആവശ്യകതയെക്കുറിച്ചും മനസ്സിലാക്കുന്നതിനോടൊപ്പം അത്തരം വലിയ ഒരു നിർമ്മിതി എങ്ങനെ പരിസ്ഥിതിയെയും ആവാസ വ്യവസ്ഥയെയും ബാധിക്കുന്നുവെന്നും കുട്ടികൾ തിരിച്ചറിയും.

തെന്മലയിൽ തന്നെ എക്കോ ടൂറിസത്തിന്റെ ഭാഗമായ 'വന നടത്തം' ജൈവവൈവിധ്യത്തെക്കുറിച്ചും പ്രകൃതി - പരിസ്ഥിതി -

വന - മണ്ണ് സംരക്ഷണത്തെക്കുറിച്ചും വ്യത്യസ്തമായ ഭൂപ്രകൃതികളെ കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കും.

പാലരുവി വെള്ളച്ചാട്ടം കാണുന്നതിലൂടെ പ്രകൃതി ഒരുക്കിയ സ്വാഭാവിക അത്ഭുതം നേരിട്ട് കാണുവാനും ആസ്വദിക്കാനും അവ എങ്ങനെ ഉണ്ടാകുന്നുവെന്ന് (പാഠപുസ്തകത്തിൽ വെള്ളച്ചാട്ടത്തിന്റെ രൂപീകരണത്തെക്കുറിച്ച് പഠിക്കുവാൻ നൽകിയിട്ടുണ്ട്) മനസ്സിലാക്കുവാനും കുട്ടികൾക്ക് കഴിയും പഠനയാത്രയുടെ ഭാഗമായി സന്ദർശിക്കുന്ന ശലഭോദ്യാന പാർക്കും കുട്ടികളിൽ നവ്യാനുഭവം നിറയ്ക്കും എന്നതിൽ സംശയമില്ല.

## 7. സാമൂഹ്യശാസ്ത്രമേളകൾക്കുള്ള തയ്യാറെടുപ്പ്

പഠനസാമഗ്രികൾ, മാതൃകകൾ നിർമ്മിക്കുന്നതിലൂടെ പഠന-ബോധനം കാര്യക്ഷമമാക്കാൻ കഴിയും. സാമൂഹ്യശാസ്ത്ര മേളയുടെ ഭാഗമായി വർക്കിംഗ് മോഡൽ സ്റ്റിൽ മോഡൽ അറ്റ്ലസ് എന്നിവ നിർമ്മിക്കുന്നതിനും പ്രാദേശിക ചരിത്രരചന, പത്രവായന, പ്രശ്നോത്തരി എന്നീ മത്സരങ്ങൾക്കും കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക. സാമൂഹ്യശാസ്ത്രമേളയ്ക്ക് തയ്യാറെടുക്കുന്നതിനായി സെപ്റ്റംബർ മാസം അവസാനം സ്കൂൾ തലത്തിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസ്തുത വിഷയത്തിൽ ഒരു ലഘു മേള സ്കൂളിൽ സംഘടിപ്പിക്കുക. സ്കൂളിലെ മറ്റു കുട്ടികൾക്ക് അത് കാണുന്നതിനുള്ള അവസരം ഒരുക്കുക.

## 8. മോക് പാർലമെൻറ്

സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയെ കുറിച്ച് ബോധ്യം വരും. അതുകൊണ്ടു തന്നെ പാർലമെന്റിന്റെ സമ്മേളനം, ചോദ്യോത്തരവേള, ബില്ലുകളുടെ അവതരണം, പ്രമേയങ്ങൾ പാസാക്കൽ തുടങ്ങിയവ മനസ്സിലാക്കുന്നതിനും ദൃശ്യാനുഭവം സാധ്യമാക്കുന്നതിനുമായി ഒക്ടോബർ മാസം അവസാനത്തോടെ ഒരു പാർലമെൻറ് സംഘടിപ്പിക്കാം.

കഴിഞ്ഞ അക്കാദമിക വർഷം നമ്മൾ നടത്തിയ 'ലഹരി വിരുദ്ധ പാർലമെൻറ്' വിദ്യാഭ്യാസ ജില്ല അടിസ്ഥാനത്തിൽ പോലും ശ്രദ്ധിക്കപ്പെട്ടത് അഭിമാനകരമാണ്.

## 9. ചരിത്രായനം

കുട്ടികളിൽ ചരിത്രബോധവും സ്വാഭിമാനവും വളർത്തുന്നതിനായി ആലപ്പുഴ ജില്ലയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാം. കരുമാടിക്കുട്ടൻ, മാത്തൂർ കളരി, ചമ്പക്കുളം കല്ലൂർക്കാട് പള്ളി, ചാവറ അച്ചൻറെ ജന്മഗൃഹം, കായംകുളം കൃഷ്ണാപുരം കൊട്ടാരം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുക. വലിയ സാമ്പത്തിക ബാധ്യത കുട്ടികൾക്ക് ഉണ്ടാകാതിരിക്കാൻ സ്കൂൾ ബസ്സിൽ യാത്ര സംഘടിപ്പിക്കാം.

## 10. പ്രാദേശിക ചരിത്രരചന വർക്ക്ഷോപ്പ്

ആലപ്പുഴയുടെ ചരിത്രത്താളുകളിൽ നെടുമുടി ദേശത്തിന്റെ കയ്യൊപ്പ് ചാർത്തിയ മാത്തൂരിന്റെ ചരിത്ര വഴിയിലൂടെ നമ്മുടെ കുട്ടികൾ കഴിഞ്ഞ അക്കാദമിക വർഷം (2023-24) നടത്തിയ പഠനവും ചരിത്ര രേഖപ്പെടുത്തലും അറ്റു പോയേക്കാവുന്ന ഒരു ചരിത്ര കണ്ണിയെ ഉരുക്കിച്ചേർക്കുന്നതിന് സഹായകമായി. പ്രസ്തുത ചരിത്രരചന സംസ്ഥാനതലത്തിൽ വരെ ശ്രദ്ധയാകർഷിച്ചത് സ്കൂളിന് അഭിമാനകരമായി ചരിത്ര വസ്തുതകളെ ഇഴയെടുപ്പോടെ ചേർത്ത് വായിക്കുന്നതിലെ സാങ്കേതികതയും ചരിത്രരചനാ രീതിയും കുട്ടികൾക്ക് പരിചയപ്പെടുത്തുവാൻ അതിലൂടെ കഴിഞ്ഞു അതിന്റെ തുടർച്ചയെന്നവണ്ണം നെടുമുടിയിലെയും പരിസരപ്രദേശങ്ങളിലെയും ചരിത്രവസ്തുക്കൾ കണ്ടെത്തുന്നതിനും രേഖപ്പെടുത്തുന്നതിനുമായി ചരിത്രരചനാ വർക്ക്ഷോപ്പുകൾ നടത്താവുന്നതാണ്. നവംബർ മാസത്തിൽ പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ കഴിയും.

## 11. സഹവാസ ക്യാമ്പ്

'2 ദിവസം സാമൂഹ്യശാസ്ത്രത്തിന് ' എന്ന തലക്കെട്ടുമായി, ഓരോ ക്ലാസിൽ നിന്നും മൂന്നു കുട്ടികളെ വീതം ഉൾപ്പെടുത്തി (പരമാവധി 60 പേരെ) ജനുവരി മാസം അവസാനത്തോടെ

സഹവാസ ക്യാമ്പ് സംഘടിപ്പിക്കുക. കളികളിലൂടെയും, വിവിധ പ്രവർത്തനങ്ങളിലൂടെയും, മത്സരങ്ങളിലൂടെയും, ക്ലാസുകളിലൂടെയും, റോൾപ്ലേ കളിലൂടെയും വിഷയവുമായി ഇഴുകിച്ചേരാൻ കുട്ടികൾക്ക് കഴിയും. യോഗ ക്ലാസ്, വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, ഭൂപട വായന, ദിക്കുകൾ കണ്ടെത്തൽ, ട്രഷർ ഹണ്ട്, ഇന്ത്യയുടെയും കേരളത്തിന്റെയും ലോകത്തിന്റെയും രാഷ്ട്രീയ ഭൂപടം കളിയിലൂടെ ശരിയാക്കൽ, കുട്ടികളെയും രക്ഷകർത്താക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തിയുള്ള കൾച്ചറൽ പ്രോഗ്രാമുകൾ, ഒത്തുചേർന്നുള്ള ഭക്ഷണം ഉണ്ടാക്കലും കഴിക്കലും (സമൂഹ അടുക്കള) തുടങ്ങിയവ ക്യാമ്പിൽ ഉൾപ്പെടുത്താം.

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>വിവിധ ശേഷികളുടെ വികസനം | ഓരോ ക്ലാസിൽ നിന്നും സാമൂഹ്യ ശാസ്ത്ര അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>കൺവീനർമാരെ നിശ്ചയിക്കുന്നു.<br>സ്കൂളിലെ വിഷയബന്ധിതമായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര ചുമതലയുള്ള അധ്യാപകർ | |
| 2 | സബ്ജക്ട് | വരുന്ന മാസത്തെ | എല്ലാമാസവും ആദ്യ | സാമൂഹ്യ ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | കൗൺസിൽ<br><br>പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം, അവലോകനം ചെയ്യുന്നതിന് | പാഠ്യ– പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും കഴിഞ്ഞ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും ചർച്ച ചെയ്യുന്നതിനും. | വെള്ളിയാഴ്ച വൈകുന്നേരം 3.45 pm ന് കൗൺസിൽ യോഗം ചേരാവുന്നതാണ്. | അധ്യാപകർ | |
| 3 | സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്.<br><br>ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ.<br><br>തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടൽ. | നാമനിർദ്ദേശ പത്രിക വിതരണം<br><br>നാമനിർദ്ദേശ പത്രിക സമർപ്പണം<br><br>സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തൽ<br><br>ലാപ്ടോപ്പിനെ വോട്ടിംഗ് മെഷീൻ ആക്കിയുള്ള തെരഞ്ഞെടുപ്പ്.<br><br>തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കൽ<br><br>വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ | ജൂലൈ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br><br>സാമൂഹ്യ ശാസ്ത്ര ചുമതലയുള്ള അധ്യാപകർ | നാമനിർദ്ദേശപത്രികയുടെ ഫീസ് ആയി 2 രൂപ സ്ഥാനാർത്ഥികളിൽ നിന്ന് വാങ്ങുന്നു. |

| | | | | | |
|---|---|---|---|---|---|
| | | സ്കൂൾ പാർലമെൻറ് രൂപീകരണം<br>അംഗങ്ങളുടെ സത്യപ്രതിജ്ഞ | | | |
| 4 | NAS പരീക്ഷയുടെ തയ്യാറെടുപ്പ്<br>NAS പരീക്ഷയിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം, സ്കോർ എന്നിവ നേടുക | 6 ലേയും 9 ലേയും കുട്ടികളെ പരമാവധി ചോദ്യങ്ങൾ പരിചയപ്പെട്ടുത്തുക.<br>എല്ലാ ദിവസവും 5 ചോദ്യങ്ങൾ വീതം കുട്ടികൾക്ക് നൽകുക | എല്ലാ പഠന ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | ദിനാചരണങ്ങൾ<br>വിവിധ ശേഷികളുടെയും അറിവിന്റെയും വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>ഉപന്യാസങ്ങൾ, ചിത്രങ്ങൾ, കുറിപ്പുകൾ, ചെറുജാഥകൾ, പ്രസംഗങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>PTA<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | തുടങ്ങിയവ നടത്തുക | | | |
| 6 | പഠനയാത്ര<br>അനുഭവങ്ങളിലൂടെ പഠനം സാധ്യമാക്കുക | തെന്മല എക്കോ ടൂറിസം, പാലരുവി വെള്ളച്ചാട്ടം, മാൻപാർക്ക് എന്നിവിടങ്ങൾ സന്ദർശിക്കുക. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>PTA<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br>മറ്റ് അധ്യാപകർ | ചെലവുകൾക്കായി കുട്ടികളിൽ നിന്നും ഒരു നിശ്ചിത തുക കണ്ടെത്തുന്നു |
| 7 | മേളകൾ<br>വിവിധ ശേഷികളുടെയും നൈപുണികളുടേയും വികസനം | സ്കൂളിൽ സാമൂഹ്യശാസ്ത്ര മേള സംഘടിപ്പിക്കുക<br>മേളയുടെ ഭാഗമായി ക്വിസ്, പ്രാദേശിക ചരിത്രരചന, പത്രവായന എന്നിവയിലൂടെയും സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, അറ്റ്ലസ് മേക്കിങ് എന്നിവയിലൂടെയും | സെപ്റ്റംബർ ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | മത്സരങ്ങൾ നടത്തുക<br><br>സബ് ജില്ലാ ജില്ലാ ശാസ്ത്രമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക | | | |
| 8 | ചരിത്രായനം<br><br>ചരിത്ര ബോധവും സ്വാഭിമാനവും വളർത്തുക | തൊട്ടടുത്ത പ്രദേശങ്ങളിലെ ചരിത്ര സ്മാരങ്ങളായ കരുമാടിക്കുട്ടൻ, മാത്തൂർ കളരി, ചമ്പക്കുളം കല്ലൂർക്കാട് പള്ളി, ചാവറയച്ചന്റെ ജന്മഗൃഹം, കായംകുളം കൃഷ്ണപുരം കൊട്ടാരം എന്നിവിടങ്ങൾ സന്ദർശിക്കുക | നവംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br><br>SRG<br><br>PTA<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ചെലവുകൾക്കായി കുട്ടികളിൽ നിന്നും ഒരു നിശ്ചിത തുക കണ്ടെത്തുന്നു<br><br>ചെലവ് കുറയ്ക്കുവ ാനായി സ്കൂൾ ബസ് ഉപയോഗിക്കാം |
| 9 | മോക് പാർലമെന്റ്<br><br>ജനാധിപത്യ മൂല്യങ്ങൾ സ്വായത്തമാക്കൽ<br><br>പാർലമെൻറിലെ പ്രവർത്തനങ്ങൾ തിരിച്ചറിയൽ | സ്കൂൾ സ്പീക്കറുടെ അധ്യക്ഷതയിൽ വിവിധ മന്ത്രിമാർ ബില്ലുകൾ അവതരിപ്പിക്കുന്നു. | ജനുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ബില്ലുകൾ പാസാക്കുന്നു.<br><br>ബില്ലിന്മേൽ ചർച്ച ചെയ്യുന്നു | | | |
| 10 | പ്രാദേശിക ചരിത്രരചന വർക്ക് ഷോപ്പ്<br><br>ചരിത്രരചനാരീതി പരിചയപ്പെടൽ<br><br>പ്രാദേശിക ചരിത്ര കണ്ണികളെ ചേർത്തുവയ്ക്കുക | നെടുമുടിയിലെയും പരിസരപ്രദേശങ്ങളിലെയും ചരിത്രവസ്തുതകളെ കണ്ടെത്തി രേഖപ്പെടുത്തുന്നു. | ജനുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൽ നിന്നും തുക കണ്ടെത്തുന്നു. |
| 11 | സഹവാസ ക്യാമ്പ്<br><br>സഹ പഠനം ഇഴകി ചേർന്നുള്ള പഠനം എന്നിവ സാധ്യമാക്കുന്നതിന്. | വിവിധ വിഷയങ്ങളെ അധികരിച്ചുകൊണ്ട് ക്ലാസുകൾ നടത്തുക.<br><br>സമൂഹ അടുക്കളയിലൂടെ സാമൂഹ്യ ജീവിതത്തിന്റെ അന്തസത്ത ഉറപ്പിക്കുന്നു. | ജനുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br><br>PTA<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | കുട്ടികൾ, PTA, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് എന്നീ സ്രോതസ്സുകളിൽ നിന്നും ആവശ്യമായ തുക കണ്ടെത്തുന്നു |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സയൻസ്

**മേഖല:– അക്കാദമികം (UP) ഉപമേഖല :– സയൻസ്**

ശാസ്ത്രാഭിരുചി കുട്ടികളിൽ വളർത്തിയെടുക്കുന്നതിനു വേണ്ടി 2025-26 കാലയളവിൽ നിരവധി നൂതന ആശയങ്ങളാണ് സ്കൂൾതലത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

**സയൻസ് ക്ലബ് രൂപീകരണം**

കുട്ടികളിലെ ശാസ്ത്ര അഭിരുചി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനേയും ഭാഗമായി ജൂൺ മാസം സയൻസ് ക്ലബ് രൂപീകരിക്കുകയും ക്ലബ് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുമുണ്ട്. ഓരോ ക്ലാസിൽ നിന്നും പ്രവർത്തനങ്ങൾ ചെയ്യാൻ താല്പര്യം ഉള്ള 9 കുട്ടികളെ വീതം (ഒരു ഡിവിഷനിൽ നിന്നും മൂന്നു കുട്ടികളെ വീതം) തിരഞ്ഞെടുക്കുകയും ക്ലബ്ബിൽ അംഗങ്ങൾ ആക്കുകയും ചെയ്യുന്നു.

**സബ്ജക്ട് കൗൺസിൽ**

5, 6, 7 ക്ലാസുകളിലെ അധ്യാപകരും എച്ച് എസ് സയൻസ് അധ്യാപകരും, ക്ലബ്ബ് അംഗങ്ങളും ചേർന്ന് കൂട്ടായി പ്രവർത്തനങ്ങൾ നടത്തുന്നു വിവിധ ദിനാചരണങ്ങളും പദ്ധതികളും ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

**വിവിധ ദിനാചരണങ്ങൾ**

ജൂൺ 5 - പരിസ്ഥിതി ദിനം

ജൂൺ 21 - ലോക യോഗ ദിനം

ജൂൺ 26 - അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം

ജൂലൈ 3 - പ്ലാസ്റ്റിക് വിരുദ്ധ ദിനം
ജൂലൈ 11 - ലോക ജനസംഖ്യാദിനം കിട
ജൂലൈ 21 - ചാന്ദ്രദിനം
ജൂലൈ 22 - അന്താരാഷ്ട്ര കണ്ടൽ വന ദിനം
ഓഗസ്റ്റ് 6 - ഹിരോഷിമാ ദിനം
സെപ്റ്റംബർ 1 - 7 - ദേശീയ പോഷക വാരം
സെപ്റ്റംബർ 9 - ലോക പ്രഥമ ശുശ്രൂഷ ബോധവൽക്കരണ ദിനം
സെപ്റ്റംബർ 8 - നേത്രദാന ദിനം
സെപ്റ്റംബർ 16 - ഓസോൺ ദിനം
ഒക്ടോബർ 1 - രക്തദാന ദിനം
നവംബർ 10 - അന്താരാഷ്ട്ര ശാസ്ത്ര ദിനം
ഡിസംബർ 1 - ലോക എയ്ഡ്സ് ദിനം
ഡിസംബർ 5 - അന്താരാഷ്ട്ര മണ്ണ് ദിനം
ഡിസംബർ 14 - ദേശീയ ഊർജ്ജ സംരക്ഷണ ദിനം
ഫെബ്രുവരി 1 - തീരദേശ സംരക്ഷണ ദിനം
ഫെബ്രുവരി 2 - ലോക തണ്ണീർത്തട ദിനം
ഫെബ്രുവരി 28 - ദേശീയ ശാസ്ത്ര ദിനം
മാർച്ച് 21 - ദേശീയ വനദിനം
മാർച്ച് 22 - ലോക ജലദിനം
ഏപ്രിൽ 7 - ലോക ആരോഗ്യ ദിനം
ഏപ്രിൽ 22 - ലോക ഭൗമദിനം

## USS പരീക്ഷാ പരിശീലനം

ഏഴാം ക്ലാസിലെ കുട്ടികൾക്കായി പ്രത്യേക USS പരിശീലന ക്ലാസുകൾ എല്ലാ ദിവസവും വൈകുന്നേരവും, കൂടാതെ ശനിയാഴ്ച ദിവസങ്ങളിലും നൽകിവരുന്നു. മുൻവർഷ ചോദ്യങ്ങളും ഒബ്ജക്റ്റീവ് രീതിയിലുള്ള ചോദ്യം മാതൃകകളും കുട്ടികൾക്ക് തയ്യാറാക്കി കൊടുക്കുന്നു.

## NAS പരീക്ഷാ പരിശീലനം

NAS പരീക്ഷയുമായി ബന്ധപ്പെട്ട് ഒരു ദിവസം മിനിമം 5 ഒബ്ജക്റ്റീവ് രീതിയിലുള്ള ചോദ്യങ്ങൾ കുട്ടികൾക്കായി നൽകുന്നു കൂടാതെ അവർക്ക് ഇഷ്ടമുള്ള പാഠഭാഗത്ത് നിന്നും സ്വയമേ 5 ചോദ്യങ്ങൾ നിർമ്മിച്ച് കൊണ്ടുവരുവാനും ആവശ്യപ്പെടുന്നു. ക്ലാസ്സിൽ അവ ചർച്ച ചെയ്യുന്നു.

## പ്രകൃതി നടത്തം

കുട്ടികളിലെ അന്വേഷണ തൃഷ്ണ വളർത്തിയെടുക്കുന്നതിനും പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമായി പ്രകൃതി നടത്തം സംഘടിപ്പിക്കുകയും ഇതുവഴി വിവിധ ആവാസ വ്യവസ്ഥകളും സസ്യങ്ങളെയും ജീവജാലങ്ങളെയുമൊക്കെ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ<br><br>കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ | ശാസ്ത്ര ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് എന്നിവയുടെ രൂപീകരണം<br><br>വൃക്ഷത്തൈ കൈമാറൽ, പ്രകൃതി നടത്തം<br><br>കാവ് സന്ദർശനം,<br><br>വിവിധ ആവാസ വ്യവസ്ഥകളുടെ സന്ദർശനം. മൈക്രോസ്കോപ്പിലൂടെ വിവിധ | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br><br>സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ, സുസ്ഥിരവികസനം. | സസ്യകോശങ്ങൾ ജന്തു കോശങ്ങൾ എന്നിവ നിരീക്ഷിക്കുക<br>തുണി, പേപ്പർ ഉപയോഗിച്ച് ബാഗ് നിർമ്മാണം അവ കടകളിൽ വിതരണം ചെയ്യൽ. സോപ്പ് നിർമ്മാണം, ജാ നിർമ്മാണം, ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് കരകൗശല നിർമ്മാണം. വൈദ്യുത ഉപകരണങ്ങളും അവയുടെ കേടുപാടുകളും പരിഹരിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ | |
| ശാസ്ത്രാഭിരുചി വളർത്തൽ | സയൻസ് ക്വിസ്, സെമിനാറുകൾ പരീക്ഷണങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | |
| പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | | | |
| പ്രകൃതിയിലെ | | | | |

| | | | | |
|---|---|---|---|---|
| പരസ്പരാശ്രയത്വം തിരിച്ചറിയുക<br><br>മെച്ചപ്പെടലിനു വേണ്ടി പരിശ്രമിക്കുക<br><br>ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക<br><br>ശാസ്ത്രീയ വീക്ഷണം | ആവാസ വ്യവസ്ഥാപഠനം, പ്രകൃതി നടത്തം ഭാഗം 2 റിപ്പോർട്ട് തയ്യാറാക്കൽ<br><br>USS പരീക്ഷയ്ക്ക് വേണ്ട പരിശീലനം നൽകുക. NAS പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ<br><br>പരീക്ഷണങ്ങൾ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ തയ്യാറാക്കൽ, സയൻസ് ക്വിസ്,<br><br>ബഡിങ് ഗ്രാഫ്റ്റിംഗ്, ലയറിങ് പരിചയപ്പെടുത്തൽ. ശാസ്ത്രവുമായി ബന്ധപ്പെട്ട സിനിമകൾ പ്രദർശിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# ഭൗതികശാസ്ത്രം

## മേഖല :- എച്ച് എസ് ഭൗതികശാസ്ത്രം

## സയൻസ് ക്ലബ്

- ലോകപ്രശസ്ത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
- ശാസ്ത്രലോകത്തെ അവരുടെ സംഭാവനകൾ അവതരിപ്പിക്കൽ
- പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കൽ
- സിമ്പിൾ എക്സ്പിരിമെന്റ് ക്ലാസ് റൂമിൽ തന്നെ നടപ്പാക്കൽ
- ദിനാചരണങ്ങൾ – ചാന്ദ്രദിനാഘോഷം ( ജൂലൈ 21)
- പ്രവർത്തനങ്ങൾ – വീഡിയോ പ്രദർശനം, ക്വിസ്, റോക്കറ്റ് മോഡൽ നിർമ്മാണം, എക്സിബിഷൻ.
- സയൻസ് ക്വിസ് കോമ്പറ്റീഷൻ :- സ്കൂൾതലം, സബ്ജില്ലാതലം പരിശീലനം
- താലൻ സോർച്ച് എക്സാമിനേഷൻ, സ്റ്റിൽ മോഡൽസ്, വർക്കിംഗ് മോഡൽസ് :- ശാസ്ത്രമേളകൾക്കായുള്ള തയ്യാറെടുപ്പുകൾ
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അസൈൻമെന്റ്, സെമിനാർ, പ്രോജക്ട് അവതരിപ്പിക്കൽ
- കാവ് സന്ദർശനം :- വിവിധ ആവാസ വ്യവസ്ഥ പരിചയപ്പെടുത്തൽ
- പുതുപുത്തൻ സാങ്കേതികവിദ്യ, ICT സാധ്യത പ്രയോജനപ്പെടുത്തി അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ

## സബ്ജക്ട് കൗൺസിൽ

8, 9, 10 ക്ലാസുകളിലെ സയൻസ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെയ്യേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. സയൻസ് ക്ലബ് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നു.

**NAS പരീക്ഷ** :- ഒമ്പതാം ക്ലാസിലെ കുട്ടികൾക്ക് എല്ലാ ദിവസവും 5 ഒബ്ജക്റ്റീവ് ടൈപ്പ് ക്വസ്റ്റ്യൻസ് വീതം നൽകുന്നു. പഠിച്ചെന്ന് ഉറപ്പുവരുത്തുന്നു.

## മാസ്റ്റർ പ്ലാൻ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്രങ്ങൾ ലളിതമായ പരീക്ഷണങ്ങളുടെ കുട്ടികൾ തന്നെ അവതരിപ്പിക്കൽ – പരീക്ഷണങ്ങൾ കുട്ടികൾ ക്ലാസിൽ പ്രദർശിപ്പിക്കൽ<br>സ്കൂൾതല സയൻസ് എക്സിബിഷൻ<br>ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം, സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്<br>സയൻസ് അധ്യാപകർ | |
| 2 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| | | നൽകൽ | | | |
| 3 | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരിചയപ്പെടുത്തൽ | സൗരോർജ്ജ പാനൽ, വിൻഡോമിൽ എന്നിവയിലൂടെ ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് സെമിനാർ കുട്ടികൾ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ | |
| 4 | പഠന പിന്നോക്ക കുട്ടികൾക്ക് പ്രത്യേകം പരിശീലനം | അധ്യാപകൻ – കുട്ടി, കുട്ടി – കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ഒരു അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 5 | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ ക്ലാസ്സിൽ വിതരണം ചെയ്യൽ. പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കൽ | ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തിയുള്ള ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ വിതരണം ചെയ്യൽ. പൊതുവിജ്ഞാന പരീക്ഷ നടത്തൽ. | ആഴ്ചയിൽ രണ്ടു തവണ | സയൻസ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | NAS പരീക്ഷയുമായി ബന്ധപ്പെട്ട ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ ഒമ്പതാം ക്ലാസിലെ കുട്ടികൾക്ക് നൽകൽ. കുട്ടികൾക്ക് ഉന്നത നിലവാരം ഉറപ്പിക്കൽ. | ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ കുട്ടികൾക്ക് നൽകൽ. കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശേഖരിച്ച് ചോദ്യശേഖരണം തയ്യാറാക്കൽ. | എല്ലാ ദിവസവും | സയൻസ് അധ്യാപകർ | |
| 7 | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും, പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. ക്വിസ്, പ്രോജക്റ്റ്, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## രസതന്ത്രം

### മേഖല :– എച്ച് എസ് രസതന്ത്രം

**പരീക്ഷണങ്ങൾ**

- ചുറ്റുപാടുമുള്ള വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ നടത്തുക. കുട്ടികൾക്ക്
- പഠനാനുഭവങ്ങൾ നേരറിവായി നൽകുക.
- രാസവസ്തുക്കളെ കുറിച്ചും അവ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുക.

**ദിനാചരണങ്ങൾ**

പൊതുവായി സയൻസുമായി ബന്ധപ്പെട്ട് ദിനങ്ങൾ ആചരിക്കുക അതുവഴി കുട്ടികൾക്ക് മഹാന്മാരുടെ വലിയ സംഭാവനകൾ തിരിച്ചറിയുവാൻ സാധിക്കുക.

**സയൻസ് ക്വിസ്**

സ്കൂൾ സബ്ജില്ലാ ജില്ലാതല പരിശീലനം കുട്ടികൾക്ക് നൽകുക.

**സബ്ജക്ട് കൗൺസിൽ**

8, 9, 10 ക്ലാസുകളിലെ സയൻസ് അധ്യാപകർ കൂടി ചേർന്ന് സയൻസ് ക്ലബ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പാഠപുസ്തകവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളും പ്രവർത്തനങ്ങളും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br>രസതന്ത്രം നിത്യജീവിതത്തിൽ<br><br>ശാസ്ത്ര മേഖലകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ<br><br>കാർബണിന്റെ ലോകത്തെ അറിയുക<br><br>ഓർഗാനിക് | പാഠപുസ്തകവുമായി ബന്ധപ്പെട്ട ലോക പരീക്ഷണങ്ങളിലൂടെ<br>രസതന്ത്രത്തിന്റെ പ്രാധാന്യവും നിത്യജീവിതത്തിൽ നാം ധരിക്കുന്ന വസ്ത്രവും, ഉപയോഗിക്കുന്ന പാത്രങ്ങളും, മരുന്നുകളും, അങ്ങനെയെല്ലാം രസതന്ത്രത്തിന്റെ സംഭാവനയാണെന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കൽ.<br>കുട്ടികളിൽ അവരുടെ നൂതന കണ്ടുപിടിത്തങ്ങളും മറ്റും പ്രോത്സാഹിപ്പിച്ച സമൂഹത്തിൻ്റെ നന്മയ്ക്കായി തിരിച്ചു വിടുക.<br>പ്രപഞ്ചം കാർബൺ നിർമ്മിതമാണെന്നും, എല്ലാ വസ്തുക്കളിലും കാർബൺ അടങ്ങിയിട്ടുണ്ടെന്ന് ഉള്ള അറിവ് നൽകുക.<br>കുട്ടികൾക്ക് പുതിയ | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br><br>സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br><br>സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സംയുക്തങ്ങളെ പരിചയപ്പെട്ടുകയും നാമകരണവും | അറിവാണ് ഓർഗാനിക് സംയുക്തങ്ങൾ ഇവ ഏതൊക്കെയാണെന്നും അവയുടെ നാമകരണവും മനസ്സിലാക്കി കൊടുക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലബ് അംഗങ്ങൾ | |
| NAS പരീക്ഷാ പരിശീലനം | ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ കുട്ടികൾക്ക് നൽകൽ. | | സയൻസ് അധ്യാപകർ | |
| സാമൂഹിക പ്രതിബദ്ധത ഉറപ്പിക്കൽ | കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന വളങ്ങളും മറ്റും രാസനിർമ്മിതമാണെന്നും ഇവയുടെ അമിത ഉപയോഗം മണ്ണിനെയും മനുഷ്യനെയും തകർക്കുമെന്ന് ബോധം നൽകുക. | | സയൻസ് അധ്യാപകർ | |
| ലഹരിക്കെതിരെ പോരാട്ടുക. | ചില രാസവസ്തുക്കൾ ഉപയോഗിച്ചാണ് ലഹരി നിർമ്മിക്കുന്നതെന്നും ഇവ മനുഷ്യരാശിയെ നശിപ്പിക്കും എന്നുള്ള ബോധവൽക്കരണം നൽകുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജീവശാസ്ത്രം

**മേഖല:- അക്കാദമികം ( HS ) ഉപമേഖല:- ജീവശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ<br><br>കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ | ശാസ്ത്ര ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് എന്നിവയുടെ രൂപീകരണം<br><br>പരിസ്ഥിതി ദിനാചരണം (വൃക്ഷത്തൈ കൈമാറൽ, പരിസ്ഥിതി ദിന റാലി, പ്ലക്കാർഡ് നിർമ്മാണം, ഔഷധസസ്യങ്ങളെ പരിചയപ്പെടൽ)<br><br>മൈക്രോസ്കോപ്പിന്റെ ഉപയോഗം (വിവിധ സൂക്ഷ്മജീവികൾ, സസ്യകോശം, ജന്തു കോശം നിരീക്ഷണം)<br><br>Seed art ഉപയോഗിച്ച് ചുമർ പത്രിക നിർമ്മാണം (കോശ ഘടന തയ്യാറാക്കി | ജൂൺ | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br><br>സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br><br>Seed art ചെയ്യാൻ താല്പര്യം ഉള്ള കുട്ടികൾ, ക്ലബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| ശാരീരിക, മാനസിക, സാമൂഹിക, ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | പ്രദർശനം)<br>ലഹരിവിരുദ്ധ ദിനാചരണം<br>ബോധവൽക്കരണ ക്ലാസുകൾ<br>പോസ്റ്റർ രചന | | സയൻസ് അധ്യാപകർ<br>ക്ലബ് അംഗങ്ങൾ | |
| പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക<br>ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ, സുസ്ഥിരവികസനം<br>നിരന്തരമായ അന്വേഷണം വിവരശേഖരണം നിഗമനത്തിലെത്തൽ<br>ശാസ്ത്രീയാഭിരുചി വളർത്തൽ | പ്ലാസ്റ്റിക് വിരുദ്ധ ദിനാചരണം (ജൂലൈ 3)<br>(പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, കടകളിൽ വിതരണം)<br>പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ലൈഫ് ജാക്കറ്റ് നിർമ്മാണം (പ്ലാസ്റ്റിക് ബോട്ടിലുകളും ചാക്കും ഉപയോഗിച്ച് )<br>ഗവേഷണാത്മക പ്രോജക്ട് ആരംഭിച്ചു ( സർവ്വേ ഫോം തയ്യാറാക്കൽ, | ജൂലൈ | സയൻസ് അധ്യാപകർ<br>A TREE ഭാരവാഹികൾ<br>രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | സർവ്വേ )<br>സയൻസ് ക്വിസ്, സെമിനാറുകൾ<br>പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ | | | |
| പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക<br>പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക<br>ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ<br>മെച്ചപ്പെടലിനു വേണ്ടി പരിശ്രമിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ<br>ആവാസ വ്യവസ്ഥാപഠനം<br>(കാവ് സന്ദർശനം, റിപ്പോർട്ട് തയ്യാറാക്കൽ)<br>പ്രോജക്റ്റ് വർക്കുകൾ<br>ശലഭോദ്യാനം<br>കർഷക ദിനാചരണം<br>NAS പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ<br>(മൈക്രോ ചോദ്യങ്ങൾ തയ്യാറാക്കൽ, peer learning) | ആഗസ്റ്റ് | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക<br><br>ശാസ്ത്രീയ വീക്ഷണം<br><br>മെച്ചപ്പെടലിനു വേണ്ടി പരിശ്രമിക്കുക | ശാസ്ത്രമേളയ്ക്കുള്ള മുന്നൊരുക്കങ്ങൾ (വിവിധ പരീക്ഷണങ്ങൾ, സ്റ്റിൽ മോഡൽ തയ്യാറാക്കൽ, സയൻസ് ക്വിസ്, ബഡിങ് ഗ്രാഫ്റ്റിംഗ്, ലയറിങ് പരിചയപ്പെടുത്തൽ<br>കുട്ടികളുടെ ക്ലാസുകൾ<br>NAS പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ (peer learning)<br>സ്കൂൾതല ശാസ്ത്രമേള | സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക | പ്രോജക്ട് അവതരണം<br>സബ്ജില്ലാ ശാസ്ത്രമേളയ്ക്ക് വേണ്ട തയ്യാറെടുപ്പുകൾ<br>ബോധവൽക്കരണ പോസ്റ്ററുകൾ<br>സയൻസ് മാഗസിൻ തയ്യാറാക്കൽ | ഒക്ടോബർ | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക | കാർഷിക മേഖലയിലെ നൂതന വിദ്യകൾ പരിചയപ്പെടുത്തൽ (ICT)<br>ദുരന്തനിവാരണ അതോറിറ്റി ക്ലാസുകൾ<br>ഗ്രീൻ ലൈബ്രറി (എക്കോ ക്ലബ് ) | | | |
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം പരിപോഷിപ്പിക്കൽ<br><br>ശാസ്ത്രീയ വീക്ഷണം<br><br>ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ച വരോട് ആദരവ് പുലർത്തൽ | ആൽബം നിർമ്മാണം (കേരളത്തിലെ പക്ഷികൾ)<br>നവംബർ 12 (പക്ഷി നിരീക്ഷണ ദിനാചരണം)<br>ആൽബം പ്രദർശനം<br>ലോക ഭക്ഷ്യ ദിനാചരണം (സെമിനാർ - ഭക്ഷ്യസുരക്ഷ)<br>ലോക മാനസിക ആരോഗ്യ ദിനം (ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്റർ നിർമ്മാണം) | നവം ബർ | സയൻസ് അധ്യാപകർ | |